<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1631 — 04.12.2015 ൽ മറുപടിയ്ക്ക്

## റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സബ് സിഡി നിരക്കിലുള്ള റബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവഴി കർഷകർക്ക് 1 കിലോ റബറിന് എത്ര രൂപ ലഭിക്കും; മാർക്കറ്റ് വില കഴിച്ചുള്ള സബ്സിഡി തുക എത്തരത്തിലാണ് കർഷകർക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ ; | (എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിരിക്കുകയാണ്. ഇത് ഒരു റബ്ബർ സംഭരണ പദ്ധതിയല്ല. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു |
| (ബി) സബ് സിഡി തുക ലഭിക്കാൻ കർഷകർ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും സബ് സിഡി നിരക്കിൽ റബർ സംഭരിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും അത് ഏതൊക്കെ ഏജൻസികളാണെന്നും വിശദമാക്കാമോ ; | (ബി) അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. സാമ്പത്തിക സഹായം അപേക്ഷകനൊന്നിന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ന് കീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. ഭൂനികുതി അടച്ച രസീതോ, റവന്യൂ അധികാരികൾ നൽകുന്ന കൈവശാവകാശ രേഖയുടെയോ അടിസ്ഥാനത്തിൽ കർഷകർക്ക് റബ്ബർ പ്രൊഡക്ഷൻ സൊസൈറ്റികളിലൂടെ (R.P.S) ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കർഷകരുടെ ' റബ്ബർ പർച്ചേസ് ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ സബ്സിഡി തുക കർഷകരുടെ ' ബാങ്ക് അക്കൗണ്ടിലേക്ക് നല്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ റബ്ബർ സംഭരിക്കാൻ |

ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

(സി) റബർ സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥത്തിലുള്ള ചെറുകിട കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വൻകിടക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി ചെറുകിട കർഷകർക്ക് സബ്സിഡി ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഇല്ല. സംസ്ഥാനത്തെ എല്ലാ റബ്ബർ കർഷകർക്കും നേരിട്ട് സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് RSS IV, RSS V, Latex എന്നീ റബ്ബർ ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്. ചെറുകിട റബ്ബർ കർഷകർക്ക് പ്രയോജനം ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനാണ് അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് മാത്രമേ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) സബ് സിഡിക്ക് അവകാശപ്പെട്ട ചെറുകിട കർഷകർക്ക് എന്തെങ്കിലും രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസി വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്; സബ്സിഡി ലഭിക്കാൻ കർഷകർ എവിടെയാണ് റബർ ഷീറ്റ് കച്ചവടം ചെയ്യേണ്ടതെന്നും ഇതിനുശേഷം സബ്സിഡി ലഭിക്കാനായി എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്നും വിശദമാക്കാമോ ;

(ഡി) 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതിനായി റബ്ബർ കർഷകർ ബന്ധപ്പെട്ട റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികൾ (ആർ.പി.എസ്.) കളിലൂടെ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയാക്കിയ റബ്ബർ കർഷകർ വാറ്റ് രജിസ്ട്രേഷൻ ഉള്ള ഡീലർമാരിൽ നിന്നു ലഭിക്കുന്ന സെയിൽസ് ഇൻവോയിസ്/പർച്ചേസ് ബിൽ ബന്ധപ്പെട്ട ആർ.പി.എസ്. മുഖേന സബ്സിഡിക്കായി സമർപ്പിക്കേണ്ടതുണ്ട്.

(ഇ) റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു വരെ എത്ര ടൺ റബ്ബറാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ഇ) സർക്കാർ ഉത്തരവ് (എം.എസ്)നം.56/2014/കൃഷി തീയതി 25/02/2014 പ്രകാരം വിപണിയിൽ ഇടപ്പെട്ട് റബ്ബർ സംഭരിക്കുന്നതിന് ഉത്തരവായിക്കൊണ്ട് മാർക്കറ്റ് ഫെഡ് ,റബ്ബർമാർക്ക് എന്നീ ഏജൻസികൾ മുഖേന റബ്ബർ സംഭരണം നടത്തിയിട്ടുണ്ട്. അതുപ്രകാരം മാർക്കറ്റ് ഫെഡും, റബ്ബർമാർക്കും 1227.32 ടൺ റബ്ബർ 2014 ഡിസംബർ മാസം വരെ സംഭരിച്ചിരുന്നു.

സെക്ഷൻ ഓഫീസർ